8. കാർഷികരംഗത്തുള്ളവരുടെ വൈദഗ്ധ്യവും വിജ്ഞാനവും വിപുലപ്പെടുത്തുന്നതിന് എല്ലാ ജില്ലാകേന്ദ്രങ്ങളിലും കാർഷികവിജ്ഞാന കേന്ദ്രം സ്ഥാപിക്കുക. സസ്യഔഷധത്തിനും ആയുർവേദത്തിനും ഇതേ മാതൃകയിൽ മറ്റൊരു കേന്ദ്രം കോട്ടയ്ക്കൽ ആര്യ വൈദ്യശാലയിൽ സ്ഥാപിക്കുക.

9. വ്യാപാര സംബന്ധിയായ ബൗദ്ധികസ്വത്തവകാശ സംരക്ഷണം.

10. തോട്ടവിളകളുടെ കാര്യത്തിൽ ഒരു ബ്യൂറ്റ്സ്ഥായ വിളനയം രൂപീകരിക്കൽ.

(ഡി) ഇല്ല.

(ഇ) കേന്ദ്ര സർക്കാർ തലത്തിൽ സ്വീകരിക്കേണ്ട നടപടികളിൻമേലും നയപരമായ തീരുമാനങ്ങൾ ആവശ്യമായ ശുപാർശകളിൻമേലും ധനപരമായ ബാദ്ധ്യത വരാൻ സാദ്ധ്യതയുള്ള ശുപാർശകളിൻമേലും വിദഗ്ദ്ധപരിശോധന ആവശ്യമായി വരുമെന്ന് കരുതുന്നു

മോഡേൺ റൈസ്മില്ലുകളുടെ നിർമ്മാണം

71 (1866) ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കർഷകരേയും കർഷക തൊഴിലാളികളേയും സഹായിക്കുന്നതിനായി മുൻ സർക്കാർ അനുവദിച്ച ആധുനികരീതിയിലുള്ള മൂന്നു മോഡേൺ റൈസ്മില്ലുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടക്കുന്നുണ്ടോ ;

(ബി) ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പുനഃരാരംഭിക്കുന്നതിനു ഉദ്ദേശിക്കുന്നുണ്ടോ ; ഇതു സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനു ബന്ധപ്പെട്ട അധികാരികൾക്ക് അടിയന്തിര നിർദ്ദേശം നൽകുമോ ;

(ഡി) പണി എന്ന് പൂർത്തീകരിക്കാനാവുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ-ഡി) നെൽകർഷകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും നെൽകൃഷിയുടെ പുരോഗതി ലക്ഷ്യമിട്ടുകൊണ്ടും പ്രധാനകൃഷിമേഖലകളായ പാലക്കാട്, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിൽ സർക്കാർ ഉടമസ്ഥതയിൽ ആധുനിക രീതിയിലുള്ള ഓരോ റൈസ്മില്ലു സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു എങ്കിലും പ്രസ്തുത മില്ലുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. വെയർഹൗസിംഗ് കോർപ്പറേഷന്റെ സാമ്പത്തികസ്ഥിതി മോശമായതിനാൽ പ്രവർത്തനം ഇടയ്ക്കു വച്ചു നിന്നുപോയി. മില്ലിന്റെ നിർമ്മാണപ്രവർത്തനങ്ങളും അവയുടെ പുരോഗതിയും മറ്റും അവലോകനം ചെയ്തു റിപ്പോർട്ടു സമർപ്പിക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചാലുടൻ എന്തു നടപടി സ്വീകരിക്കണമെന്നു തീരുമാനിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly